## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6699 — 12.07.2012-ൽ മറുപടിയ്ക്ക്

### ചന്ദനമോഷണ കേസുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. അജിത്: | | ശ്രീ. കെ.ബി. ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | 2010, 2011, 2012 എന്നീ വർഷങ്ങളിൽ ഓരോന്നിലും മെയ് 31 വരെ കേരളത്തിൽ എത്ര ചന്ദനമോഷണകേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; | (എ) | 2010 - 75<br>2011 - 72<br>2012 - 41 |
| (ബി) | ഇതിൽ എത്ര കേസുകളിൽ പ്രതികളെ ഇനിയും പിടികൂടാനുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | 79 കേസുകളിൽ പ്രതികളെ ഇനിയും പിടികൂടാനുണ്ട്. |
| (സി) | ഈ സർക്കാർ അധികാരമേറ്റ ശേഷം ചന്ദനമോഷണകേസുകൾ വർദ്ധിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഇല്ല. |
| (ഡി) | ഈ സർക്കാർ അധികാരമേറ്റ ശേഷം ചന്ദനമോഷണം കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ഡി) | ചന്ദന മോഷണം കുറയ്ക്കുന്നതിനായി നിരന്തര പട്രോളിംഗും ഫീൽഡ് പെരാമ്പുലേഷനും നടത്തുക, ഇന്റലിജൻസ് ശേഖരണം ശക്തിപ്പെടുത്തുക, വനസംരക്ഷണ സമിതികളുടെയും പൊതുജനങ്ങളുടെയും സേവനം പ്രയോജനപ്പെടുത്തുക, പ്രശ്നമേഖലയിൽ റാപിഡ് ആക്ഷൻ ഫോഴ്സിന്റെ സേവനം പ്രയോജനപ്പെടുത്തുക, തുടങ്ങിയവ നടപ്പിലാക്കി വരുന്നു. മറയൂർ ഡിവിഷനിലേക്ക് വിവിധ ബഡ്ജറ്റ് ഹെഡിൽ അനുവദിച്ച തുക ഉപയോഗിച്ച് ചന്ദന സംരക്ഷണത്തിലേക്കായി ചന്ദന റിസർവുകൾക്ക് ചുറ്റും ചെയിൻ ലിംഗ് ഫെൻസിംഗ് സ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ട്. മറയൂർ ചന്ദന മേഖലയിലെ ആശയവിനിമയ സൗകര്യം മെച്ചപ്പെടുത്തുന്നതിലേക്കായി വയർലസ് സെറ്റുകളും വാക്കിടോക്കികളും അനുവദിക്കുകയുണ്ടായി. |

ചന്ദനക്കേസ് അന്വേഷണം ഊർജിതപ്പെടുത്തുന്നതിനും വാഹനങ്ങളിലൂടെയുള്ള ചന്ദനക്കടത്ത് ഫലവത്തായി നിയന്ത്രിക്കുന്നതിനും വേണ്ടി മറയൂർ ആസ്ഥാനമാക്കി ചന്ദന ഡോഗ് സ്ക്വാഡിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. ചന്ദനമരങ്ങളിൽ ഇലക്ട്രോണിക് ചിപ്പുകൾ ഘടിപ്പിക്കുകയും മരം മുറിച്ചാൽ അപ്പോൾതന്നെ സെൻസർ മുഖേന ഉടൻ കണ്ടെത്തുവാനും പ്രദേശത്തുള്ള ഉദ്യോഗസ്ഥർക്കെല്ലാം എസ്.എം.എസ്. മുഖാന്തിരം തൽസമയംതന്നെ അറിയിപ്പ് ലഭ്യമാക്കുവാനും കഴിയുന്ന സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. സംരക്ഷണ ജീവനക്കാരുടെ സഞ്ചാരം, ചന്ദനമോഷണം അടക്കമുള്ള സംഭവങ്ങളുടെ നിരീക്ഷണം എന്നിവയ്ക്കായി പരീക്ഷണാടിസ്ഥാനത്തിൽ പി.ഡി.എ-കൾ അനുവദിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**